# അറിവ്

ശ്രീനാരായണഗുരു

# അറിവ്

**കവിത**

## ശ്രീനാരായണഗുരു

**താളിളക്കം**

**2020**

പേര്: **അറിവ്**

ഭാഷ മലയാളം

വിഭാഗം: കവിത

രചന: ശ്രീനാരായണഗുരു

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## അറിവ്

അറിയപ്പെട്ടുമിതു വേറ-
ല്ലറിവായീടും തിരഞ്ഞിടും നേരം;
അറിവിതിലൊന്നായതുകൊ-
ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും. 1

അറിവില്ലെന്നാലില്ലീ-
യറിയപ്പെട്ടുമെന്നതുണ്ടിതെന്നാലും;
അറിവൊന്നില്ലെന്നാലീ-
യറിവേതറിവിന്നതില്ലറിഞ്ഞീടാം. 2

അറിവിന്നളവില്ലാതേ-
തറിയാ,മറിവായതും വിളങ്ങുന്നു;
അറിവിലെഴുന്ന കിനാവി-
ങ്ങറിവായീടുന്നവണ്ണമങ്ങെല്ലാം. 3

അറിവിനു നിറവുണ്ടെന്നാ-
ലറിവല്ലാതുള്ളതെങ്ങിരുന്നീടും?
അറിവേതെന്നിങ്ങതു പോ-
യറിയുന്നങ്ങെന്നിതെങ്ങിരുന്നീടും? 4

അറിവിലിരുന്നുകെട്ടുന്നീ-
ലറിവാമെന്നാലിതെങ്ങിറങ്ങീടും?
അറിവിനെയറിയുന്നീലി,-
ങ്ങറിയും നേരത്തു രുമൊന്നായി. 5

അറിയും മുൻപേതെന്നാ-
ലറവില്ലാതൊന്നുമിങ്ങിരിപ്പീല;
അറിവറ്റതിനേതതിരു-
ണ്ടറിവെന്നാലൊന്നുമിങ്ങു കാണ്മീല. 06

അറിയുന്നുണ്ടില്ലെന്നി-
ങ്ങറിയുന്നീലേതിലേതെഴുന്നീടും?

അറിയപ്പെട്ടുമെങ്കിലുമ-
ല്ലറിവല്ലെന്നിങ്ങു നമ്മെ നോക്കീടിൽ. 07

അറിവെന്നന്നേയിതുമു-
ണ്ടറിവുന്നൊലിതെങ്ങു നിന്നീടും?
അറിവൊന്നെണ്ണം വേറി-
ല്ലറിവല്ലാതെങ്കിലെന്തിരിക്കുന്നു? 08

അറിവിന്നിടമൊന്നുണ്ടി-
ല്ലറിയപ്പെട്ടുമെന്നതിന്നു വേറായി,
അറിവെന്നാലങ്ങേതീ-
യറിയപ്പെട്ടുമെന്നതേറുമെണ്ണീടിൽ? 09

അറിയുന്നീലന്നൊന്നീ-
യറിയപ്പെട്ടുമെന്നതുണ്ടുപോയീടും;
അറിവിലിതേതറിയുന്നീ-
ലറിവെന്നാലെങ്ങുനിന്നു വന്നീടും? 10

അറിവിന്നറിവായ് നിന്നേ-
തറിയിക്കുന്നിങ്ങു നാമതായിട്ടും;
അറിവേതിനമെങ്ങനെയീ-
യറിയപ്പെട്ടുമെന്നതേതിതോതീടിൽ? 11

അറിവെന്നതു നീയതു നി-
ന്നറിവിട്ടറിയപ്പെട്ടുന്നതെന്നായി,
അറിയപ്പെട്ടുമിതു രണ്ടാ-
ന്നറിയുന്നുണ്ടെന്നുമൊന്നതില്ലെന്നും. 12

അറിവുമതിൻ വണ്ണം ചെ-
ന്നറിയുന്നവനിൽ പകർന്നു പിന്നീട്ടും
അറിയപ്പെട്ടുമിതിലൊന്നീ-
യറിവിൻ പൊരി വീണ ചീന്തിയഞ്ചായി. 13

അറിയുന്നവനെന്നറിയാ-
മറിവെന്നറിയുന്നവന്നുമെന്നാകിൽ
അറിവൊന്നറിയുന്നവനൊ-
ന്നറിയുന്നതിലാറിതെട്ടുമായീടും. 14

അറിയപ്പെട്ടുമിതിനൊത്തീ-
യറിവേഴൊന്നിങ്ങുതാനുമെട്ടായി
അറിവിങ്ങനെ വെവ്വേറാ-
യറിയപ്പെട്ടുമെന്നതും വിടുർത്തീടിൽ.

പ്രസാധകർ

താളിളക്കം